**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **05-02-2026 - ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ സമിതികളുടെ നിഷ്ക്രിയത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് തലങ്ങളിൽ രൂപീകരിച്ച ലഹരി വിരുദ്ധ സമിതികൾ പലയിടത്തും പേരിന് മാത്രമായി ഒതുങ്ങുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത സമിതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത സമിതിയിൽ വാർഡ് മെമ്പർ/കൗൺസിലർ അദ്ധ്യക്ഷനായും, സ്കൂളുകളിലെ ഹെഡ്മാസ്റ്റർ/ സീനിയർ അധ്യാപകൻ (സ്കൂൾ ഇല്ലാത്ത വാർഡുകളിൽ ആ വാർഡിൽ താമസക്കാരനായ കോളേജ്/സ്കൂൾ അധ്യാപകൻ) കൺവീനറായും, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വിവിധ ജാതിമത സാമൂഹിക സാംസ്കാരിക സംഘടനാ പ്രതിനിധികൾ, വാർഡിലെ പൊതുസ്ഥാപനങ്ങളുടെ പ്രതിനിധികൾ, എക്സൈസ്/പോലീസ്/ജനമൈത്രി പ്രതിനിധി, യുവജന ക്ഷേമ ബോർഡ് യൂത്ത് കോ-ഓർഡിനേറ്റർ, അംഗൻവാടി വർക്കർ, ആശാ വർക്കർ, പ്രാദേശിക കൂട്ടായ്മകൾ, റസിഡൻസ് അസോസിയേഷനുകൾ, ഗ്രന്ഥശാല സംഘം, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ എന്നിവയിലെ പ്രതിനിധികൾ അംഗങ്ങളായും പ്രവർത്തിച്ച് വരുന്നു. |
| (സി) | കഴിഞ്ഞ ഒരു വർഷത്തിനിടെ വാർഡ് തല സമിതികൾ മുഖേന എത്ര ലഹരി വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | വാർഡ് തല സമിതികൾ മുഖേന 23 ലഹരി വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സമിതികളുടെ പ്രവർത്തനത്തിനായി തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് തുക മാറ്റിവെക്കാൻ അനുമതി നൽകിയിട്ടുണ്ടോ; | (ഡി) | ലഹരിക്കെതിരെയുള്ള സംസ്ഥാന സർക്കാർ ക്യാമ്പയിനിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 5 ലക്ഷം രൂപയും മുൻസിപാലിറ്റികൾക്ക് പരമാവധി 7 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയും മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് 10 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. തനത് ഫണ്ട് ഇല്ലെങ്കിൽ വികസന ഫണ്ട് (ജനറൽ) ഉപയോഗിക്കാവുന്നതുമാണ്. കഴിഞ്ഞ 2 വർഷത്തിൽ ഇത്തരത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരവും തദ്ദേശ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കും ശേഖരിച്ച് വരുന്നു. |
| (ഇ) | എങ്കിൽ കഴിഞ്ഞ 2 വർഷത്തിൽ ഇത്തരത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ലയും തദ്ദേശ സ്ഥാപനങ്ങളും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ഇ) | ലഹരിക്കെതിരെയുള്ള സംസ്ഥാന സർക്കാർ ക്യാമ്പയിനിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 5 ലക്ഷം രൂപയും മുൻസിപാലിറ്റികൾക്ക് പരമാവധി 7 ലക്ഷം രൂപയും മുൻസിപ്പൽ കോർപ്പറേഷനുകൾക്ക് 10 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. തനത് ഫണ്ട് ഇല്ലെങ്കിൽ വികസന ഫണ്ട് (ജനറൽ) ഉപയോഗിക്കാവുന്നതുമാണ്. കഴിഞ്ഞ 2 വർഷത്തിൽ ഇത്തരത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിവരവും തദ്ദേശ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കും ശേഖരിച്ച് വരുന്നു. |
| (എഫ്) | സിന്തറ്റിക് ഡ്രഗ്സ് വ്യാപനം തടയാൻ എക്സൈസ് എൻഫോഴ്സ്മെന്റ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | Synthetic drugs ഉൾപ്പെടെയുള്ള ലഹരി വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ 134 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ